# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## സഫ്രഗൻ മെത്രാപ്പോലീത്താ
## സ്ഥാനാരോഹണ ശുശ്രൂഷക്രമം

(c)
Malankara Mar Thoma Syrian Church

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# സഫ്രഗൻ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ ശുശ്രൂഷ

*(ദൈവസുതർ നാമായിടുവാൻ... എന്ന ഗീതത്തിനു ശേഷം)*

പിതാവിനും പുത്രനും പരിശുദ്ധ റൂഹായ്ക്കും സ്തുതി

ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടു മാറാകേണമേ. ആമേൻ

## <u>പ്രാരംഭ പ്രാർത്ഥന</u>

സകല നല്ലദാനങ്ങളുടെയും ഉടയവനായ ദൈവമായ കർത്താവേ, നിന്റെ ദിവ്യമായ വിചാരണയിൽ തിരുസഭയിൽ വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനും ശുശ്രൂഷയ്ക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ജീവന്റെ സുവിശേഷത്തിന്റെ സാക്ഷ്യത്തി നുമായി നിന്റെ മക്കളെ വിളിച്ചു ശക്തീകരിച്ച് അനുഗ്രഹിച്ച് നിയോ ഗിച്ചിരിക്കുന്നതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

വിലമതിക്കാവതല്ലാത്ത തിരുരക്തംകൊണ്ട് നീ സമ്പാദിച്ചിരിക്കുന്ന തിരുസഭയിൽ സഫ്രഗൻ മെത്രാപ്പോലീത്തായായി നീ വിളിച്ചിരി ക്കുന്ന ഈ നിന്റെ ദാസനെ സുവിശേഷസത്യത്തിൽ നിലനിർത്തു കയും ജീവിതത്തിന്റെ വിശുദ്ധിയാൽ പരിപാലിക്കുകയും പരിശുദ്ധാ ത്മാവിന്റെ നിറവിനാൽ ശക്തീകരിക്കുകയും ചെയ്യണമേ. ബലമുള്ള നിന്റെ വലംകൈകൊണ്ടും ആത്മനിറവുകൊണ്ടും ഇവനെ താങ്ങി നടത്തേണമേ. എല്ലാക്കാലവും സന്തോഷത്തോടും വിശ്വസ്തത യോടും കൂടെ നിന്നെ സേവിപ്പാൻ ഇവനു കൃപ നൽകണമേ. നിന്റെ രക്ഷയിൽ ഇവൻ ആനന്ദിപ്പാനും നിങ്കലേക്ക് കൂടുതൽ അടുത്തുവരു വാനും കൃപ നൽകണമേ....

ആമേൻ



(c)
Malankara Mar Thoma Syrian Church

## പ്രോമ്യോൻ

മെത്രാപ്പോലിത്താ: നാമെല്ലാവരും പ്രാർത്ഥിച്ച്.......................................

ജനങ്ങൾ: അനുഗ്രഹിക്കുന്നവനായ .....................................................

മെത്രാപ്പോലിത്താ: സ്തുതിയും സ്തോത്രവും........................................

ആടുകളുടെ വലിയ ഇടയനായ കർത്താവേ നിന്നാൽ ഭരമേല്പിക്കപ്പെട്ട നിന്റെ കുഞ്ഞാടുകളെ സ്നേഹിക്കുന്നതിനും, കരുതുന്നതിനും പോഷിപ്പിക്കുന്നതിനും മുറിവുള്ളവയെ കുത്തിക്കെട്ടുന്നതിനും കാണാതെ പോയവയെ അന്വേഷിച്ചു തിരികെ കൊണ്ടുവരുന്നതിനും വിശന്നവയ്ക്ക് ഭക്ഷണവും ദാഹിച്ചിരിക്കുന്നവയ്ക്ക് വെള്ളവും എല്ലാറ്റിനും കാവലും, തുണയും നൽകുന്നതിനും നീ തിരുസഭയിൽ കൂടി തെരഞ്ഞെടുത്തിരിക്കുന്ന ഈ നിന്റെ ദാസനെ സഫ്രഗൻ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെടുന്ന ഈ സമയത്തും സ്തുതിയും സ്തോത്രവും പുകഴ്ചയും വന്ദനവും എന്നേക്കും യോഗ്യമായിരിക്കുന്നു.

ആമേൻ

## സെദറ

ഉയർത്തെഴുന്നേല്പിന്റെ ജീവകരമായ സുവിശേഷ അനുഭവത്തിൽ നിന്റെ സഭയുടെ ജനങ്ങളെ ഉറപ്പിക്കുന്നതിനും വളർത്തുന്നതിനും പൂർത്തീകരിക്കുന്നതിനുമായി പട്ടക്കാരെയും മേൽപട്ടക്കാരെയും നീ നിയമിച്ചു. ഏകവും വിശുദ്ധവും കാതോലികവുമായ തിരുസഭ അങ്ങയുടെ ശരീരവും വീണ്ടെടുപ്പിന്റെ അച്ചാരവും, ദൈവരാജ്യത്തിന്റെ മുൻകുറിയും ആകുന്നുവല്ലോ. കാതോലിക്കാസഭയുടെ ഭാഗമായ മാർത്തോമ്മാ സഭയിലെ എപ്പിസ്കോപ്പായായ ഈ നിന്റെ ദാസനെ സഫ്രഗൻ മെത്രാപ്പോലീത്തായായി ഉയർത്തപ്പെടുന്ന ഈ സമയം നിന്റെ പരിശുദ്ധാത്മാവിന്റെ അഭിഷേകവും അനുഗ്രഹങ്ങളുടെ സമൃദ്ധിയും ധാരാളമായി നൽകേണമേ. ദൈവ ഇഷ്ടം തിരുവചനത്തിലും പ്രാർത്ഥനയിലും കൂടെ അന്വേഷിക്കുന്നതിനും അനുസരിക്കുന്നതിനും അതിലേക്ക് സഭയേയും ലോകത്തേയും നയിക്കുന്നതിനും നിന്റെ ദാസന് നീ തുണചെയ്യണമേ. നിന്റെ സഭയെ ദുരുപദേ



(c)
Malankara Mar Thoma Syrian Church

ശത്തിൽ നിന്നും ലോകമയത്തിൽനിന്നും എല്ലായ്പ്പോഴും കാത്തു കൊള്ളേണമേ. " ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട" എന്നരുളി ചെയ്ത് ശിഷ്യന്മാരെ ധൈര്യപ്പെടുത്തിയ കർത്താവേ എല്ലാ നേതാക്കൾക്കുവേണ്ടിയും ജനങ്ങൾക്കുവേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ പരിശുദ്ധറൂഹായെ നിന്റെ ദാസന്റെമേൽ അയയ്ക്കേണമേ. നിന്റെ വിശുദ്ധ ശ്ലീഹന്മാർക്ക് നൽകിയ സകല നൽവരങ്ങളും അധികാരവും ഈ നിന്റെ ദാസനു നൽകേണമേ. അനേകരെ പാപങ്ങളിൽ നിന്നും വിടുവിച്ച് സത്യം തിരിച്ചറിഞ്ഞ് നീതിയിലും സമാധാനത്തിലും നയിക്കുവാൻ നിന്റെ മകന് ആവശ്യമായ ദർശനവും കൃപയും നൽകേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും പുകഴ്ചയും എന്നും ഉണ്ടായിരിക്കട്ടെ.

ആമേൻ

**താഴെയുള്ള അപേക്ഷകളിൽ പ്രതിവാക്യമായി**
***കുറിയേലായിസ്സോൻ*** എന്ന് ചൊല്ലണം

1. മീൻപിടുത്തക്കാരെ ജ്ഞാനമുള്ളവരാക്കി തീർക്കുകയും പഠിപ്പില്ലാത്തവരെ പ്രകാശിപ്പിക്കുകയും ഭോഷന്മാരെ സകലത്തിന്മേലുമുള്ള വിജ്ഞാനം അറിയിക്കുന്നവരാക്കിത്തീർക്കുകയും ചെയ്യുന്ന മ്ശിഹാതമ്പുരാനേ നിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനായി നീ വിളിച്ചിരിക്കുന്ന ഈ നിന്റെ ദാസനെ അന്ത്യത്തോളം പരിശുദ്ധ സഭാമക്കളെ ജീവനിലേക്ക് നയിക്കുന്ന ശക്തിയേറിയ ഭരണ കർത്താവും സത്യ നേതാവുമായി നീ പൂർത്തീകരിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു...

    ***കുറിയേലായിസ്സോൻ.***

2. സ്വർഗ്ഗീയ പിതാവേ! സത്യ ഇടയനും നിത്യമായി സാരാംശത്തിൽ ഏകനും ആയ മ്ശിഹാതമ്പുരാനേ ഈ നിന്റെ ദാസനെ ഭരമേല്പ്പിച്ചിരിക്കുന്ന ഈ സഭയെ നിന്റെ പരിശുദ്ധ റൂഹായ്ക്ക് വിഹിതമായ പ്രകാരം മേയിക്കുന്നതിന് കൃപ നൽകണമെന്ന് ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു...

    ***കുറിയേലായിസ്സോൻ***



(c)
Malankara Mar Thoma Syrian Church

3. മ്ശിഹാ തമ്പുരാനേ ഈ നിന്റെ ദാസൻ ജ്ഞാനത്തോടും സ്നേഹത്തോടും നിന്റെ സഭയെ അപ്പോസ്തോലികവും ദൈവികവും ആയ വഴികളിൽ നടത്തുന്നതിനും ബലപ്പെടുത്തുന്നതിനും അവിടുത്തെ കൃപയും ദർശനവും ശക്തിയും നൽകേണമേ...

*കുറിയേലായിസ്സോൻ*

4. കർത്താവേ ലോകമെങ്ങുമുള്ള തിരുസഭയ്ക്കുവേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അന്യോന്യം ഭിന്നിച്ചിരിക്കുന്ന ദുരവസ്ഥയിൽ നിന്ന് അതിനെ രക്ഷിക്കേണമേ. യോജിപ്പിനും സഹകരണത്തിനുമായി നടക്കുന്ന എല്ലാ ആലോചനകളെയും വിശേഷാൽ അഖില ലോക സഭാ കൗൺസിലിൽ കൂടെ നടക്കുന്ന പ്രയത്നങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുന്നു. ആംഗ്ലിക്കൻസഭ, ഉത്തരേന്ത്യാസഭ, തെന്നിന്ത്യാസഭ, മലബാർ സ്വതന്ത്ര സുറിയാനി സഭ എന്നീ സഹോദരീ സഭകൾക്കു വേണ്ടിയും കേരളത്തിലുള്ള എല്ലാ സഭാ വിഭാഗങ്ങൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു...

*കുറിയേലായിസ്സോൻ*

5. കർത്താവേ, നിന്റെ ജീവ സുവിശേഷം ലോകത്തിൽ എങ്ങും പ്രചരിപ്പിക്കുന്നതിനായി നടത്തിവരുന്ന എല്ലാ സ്ഥാപനങ്ങളെയും അനുഗ്രഹിക്കണമേ. സുവിശേഷ ദൗത്യ നിർവ്വഹണത്തിൽ സഭകളും അതിലെ സ്ഥാപനങ്ങളും പുരോഗമിച്ച് സമുദ്രം വെള്ളം കൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ ഭൂലോകമൊക്കെയും ലോകരക്ഷിതാവായ യേശു ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനം കൊണ്ട് നിറയ്ക്കണമെന്ന് ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു...

***കുറിയേലായിസ്സോൻ... കുറിയേലായിസ്സോൻ... കുറിയേലായിസ്സോൻ.***

## പരിശുദ്ധാത്മാവിനു വേണ്ടിയുള്ള അപേക്ഷ

പരിശുദ്ധാത്മാവായ ദൈവമേ, മനുഷ്യബുദ്ധിക്കപ്പുറമായ പരിജ്ഞാനത്തിന്റെ ഉറവയും മനുഷ്യപുത്രന്മാർക്ക് സദുപദേശങ്ങളെ നൽകുന്നവനും നീയാകയാൽ നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. സഭാശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്ന ഏവർക്കും വിശേഷാൽ സഫ്രഗൻ മെത്രാപ്പോലിത്താ സ്ഥാനത്തേക്ക് പ്രവേശിക്കുന്ന ഈ നിന്റെ



(c)
Malankara Mar Thoma Syrian Church

ദാസനും പരിശുദ്ധാത്മാവിന്റെ  എല്ലാ നൽവരങ്ങളും നൽകേണമേ. അവൻ നിഷ്കളങ്കനായി മ്ശിഹാതമ്പുരാന്റെ സിംഹാസനമാകുന്ന ജീവന്റെ മേശയുടെ മുമ്പാകെ നിൽക്കുന്നതിനും നിന്റെ രാജ്യ ത്തിന്റെ സുവിശേഷം പ്രഖ്യാപിക്കുന്നതിനും സത്യത്തിന്റെ വചനം നിരന്തരമായി ഘോഷിക്കുന്നതിനും തിരുമുമ്പാകെ ആത്മീയയാഗ ങ്ങളും കാഴ്ചകളും അർപ്പിക്കുന്നതിനും നിന്റെ ജനത്തെ ഹൃദയം പുതുക്കി രൂപാന്തരപ്പെടുത്തുന്നതിനും ഇടയാക്കണമെന്നു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു.  ആമേൻ

**മെത്രാപ്പോലീത്താ :**  നമ്മുടെ പ്രിയ സഹോദരാ, നീ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമ്ശിഹായിലുള്ള വിശ്വാസം പുലർത്തുന്നതിനും കർത്താവും അപ്പൊസ്തലന്മാരും സഭയെ ഭര മേല്പിച്ചിട്ടുള്ള വിശുദ്ധ സത്യങ്ങളെയും ഉപദേശങ്ങളെയും സ്ഥിരോ ത്സാഹത്തോടെ പഠിപ്പിച്ച് ഘോഷിക്കുന്നതിനും താത്പര്യമുള്ളവനാ യിരിക്കണം. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സ്വീകരിക്ക പ്പെട്ട വിശ്വാസങ്ങളെയും ആചാരങ്ങളെയും ഭേദം വരുത്താതെ സൂക്ഷിക്കുന്നതിനും സഭയുടെ അംഗീകൃതമായ  ഭരണഘടന അനു സരിച്ചും യഥാകാലം നിയമാനുസരണം അതിൽ വരുത്തുന്ന വ്യത്യാ സങ്ങൾ സ്വീകരിച്ചും  മലങ്കര സഭയിലെ ഭരണശുശ്രൂഷ നിറവേറ്റി ക്കൊള്ളണം. നിന്റെ ചുമതലയിൽ ദൈവം ഭരമേല്പിക്കുന്ന ചുമതല കളെയും പട്ടക്കാരെയും സഭയിലെ ആടുകളായ ജനങ്ങളെയും പ്രാർത്ഥനയിൽ ദൈവമുമ്പാകെ വഹിക്കുകയും അവരെ എല്ലാ സത്യത്തിലും സൗമ്യതയിലും പരിപാലിക്കുകയും നിർമ്മല സുവിശേ ഷത്തിന്റെ വെളിച്ചത്തിലേക്ക് ലോകത്തെ കൊണ്ടുവരുന്നതിന് യത്നിക്കുകയും ചെയ്യണം. സഭയുടെ വലിയ ഇടയനായ നമ്മുടെ കർത്താവായ യേശുമ്ശിഹായോട് കണക്ക് ബോധിപ്പിക്കുവാനുള്ളവ നാകുന്നു എന്ന ഓർമ്മയോടെ  നിന്റെ ചുമതലകൾ നിർവ്വഹിക്കണം. താൻ മാത്രം മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനും അസാദ്ധ്യ കാര്യങ്ങൾ സാദ്ധ്യമാക്കി തീർക്കുവാൻ കഴിവുള്ളവനുമായ ദൈവം തമ്പുരാൻ ഇതിന് നിന്നെ സഹായിക്കട്ടെ.



(c)
Malankara Mar Thoma Syrian Church

## പ്രാർത്ഥന

എല്ലാ നല്ല ദാനങ്ങളുടെയും ദാതാവായ സർവ്വശക്തനായ ദൈവമേ, തിരുസഭയിൽ നിന്റെ പരിശുദ്ധാത്മാവ് മുഖാന്തരം വിവിധ സ്ഥാനങ്ങളിൽ അപ്പൊസ്തലന്മാരായും പ്രവാചകന്മാരായും ഉപദേഷ്ടാക്കന്മാരായും നിന്റെ ശുശ്രൂഷക്കാരെ വിളിച്ച് നിയോഗിച്ചിരിക്കുന്ന കർത്താവേ, ഇപ്പോൾ സഫ്രഗൻ മെത്രാപ്പോലിത്താ സ്ഥാനത്തെ ശുശ്രൂഷയ്ക്കായി നിയോഗിച്ചിരിക്കുന്ന ഈ നിന്റെ ദാസനെ കരുണയോടെ ദർശിക്കേണമേ. നിന്റെ തിരുനാമത്തിന്റെ മഹത്വത്തിനും തിരുസഭയുടെ കെട്ടുപണിക്കും തന്നെ വിളിച്ചിരിക്കുന്ന സ്ഥാനത്ത് വാക്കിലും പ്രവൃത്തിയിലും വിശ്വസ്തതയോടെ നിന്നെ സേവിക്കുന്നതിനും സത്യത്തിന്റെ പരിജ്ഞാനത്താൽ ഇവനെ ശക്തിപ്പെടുത്തണമേ. ജീവിത നൈർമ്മല്യത്താൽ ഇവനെ അലങ്കരിക്കണമേ. സഭയിൽ സ്ഥാനത്തിലും ബഹുമാനത്തിലും നിന്റെ ദാസൻ മറ്റുള്ളവരെക്കാൾ ഉയർന്നിരിക്കുന്നതുപോലെ വിശുദ്ധിയിലും സൽപ്രവൃത്തികളിലും ഇവൻ ഉന്നതപ്പെട്ടിരിക്കേണമേ. കർത്താവായ യേശുമ്ശിഹായുടെ നാമത്തിൽ തന്നെ ഞങ്ങളുടെ പ്രാർത്ഥനകൾ കേൾക്കേണമേ. ആമേൻ.

## നിയോഗ പ്രാർത്ഥന (Installation Prayer)

“ മഹാ ദൈവത്തിന്റെ കരുണാപൂർണ്ണമായ പരിപാലനത്തിന് നിന്നെ ഞങ്ങൾ ഭരമേല്പിക്കുന്നു. ജനങ്ങൾ നിന്നെ ബഹുമാനിക്കട്ടെ. ദൈവം നിന്നെ സഹായിക്കട്ടെ. നിന്റെ പ്രാർത്ഥനകളും അപേക്ഷകളും സ്വർഗ്ഗസ്ഥനായ പിതാവ് കേൾക്കട്ടെ. ബഹുമാനവും വിശുദ്ധിയും പരിജ്ഞാനവും മഹാമനസ്കതയും നീതിയും സത്യവും താഴ്മയും ദൈവഭക്തിയും കൊണ്ട് സർവ്വശക്തൻ നിന്നെ അലങ്കരിക്കട്ടെ. സഭ നിന്റെ മാതാവും വിശുദ്ധദൂതന്മാർ നിന്റെ സഖികളും അപ്പൊസ്തലന്മാർ നിന്റെ സഹോദരങ്ങളും ആയിരിക്കട്ടെ. വലത്തും ഇടത്തും ദൈവദൂതന്മാർ നിനക്ക് കാവലായിരിക്കട്ടെ. എന്നേക്കും ഏകമായിരിക്കുന്ന സത്യ ത്രിയേക ദൈവത്തിന്റെ നാമത്തിൽ നീ അനുഗ്രഹീതനായിരിക്കട്ടെ.”



(c)
Malankara Mar Thoma Syrian Church

സർവ്വശക്തനായ ദൈവമേ നീ ഞങ്ങൾക്കായി വലിയകാര്യം പ്രവർത്തിക്കുകയും നിന്റെ ദാസരുടെ മേൽ നിന്റെ കൃപയെ ചിന്തുകയും ചെയ്തിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ വാഴ്ത്തി പുകഴ്ത്തുന്നു. സകലത്തിനും വിശുദ്ധനായ നിന്റെ ആത്മാവിന്റെ അഭിഷേകം മൂലം സഫ്രഗൻ മെത്രാപ്പോലിത്തായായി ഉയർത്തപ്പെട്ട ഈ നിന്റെ ദാസനു നീ നൽകിയിട്ടുള്ള കൃപകൾക്കും അനുഗ്രഹങ്ങൾക്കും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. നിന്റെ നന്മകളും വിശുദ്ധിയും പരിശുദ്ധാത്മനിറവും ഇവന്റെ മേൽ ധാരാളമായി ചൊരിയേണമേ. ആദിമുതൽ നിന്നെ പ്രസാദിപ്പിക്കുന്നതിനും തിരുവിഷ്ടം നിവർത്തിച്ചവരുമായ എല്ലാവരോടുംകൂടെ നിന്റെ രണ്ടാമത്തെ വരവിൽ വിശ്വസ്തരും ജ്ഞാനികളുമായ കലവറക്കാരുമായി ഈ നിന്റെ ദാസനും ഞങ്ങളും പ്രതിഫലം സ്വീകരിക്കുവാൻ ഇടയാകേണമേ. സ്തുതിയും സ്തോത്രവും എന്നേക്കും നിനക്കു യോഗ്യമായിരിക്കുന്നു.

അയോഗ്യരായ ഞങ്ങളെ ദൈവികമായ ഈ ശുശ്രൂഷയ്ക്ക് യോഗ്യരാക്കിയ സ്നേഹവും കൃപയും നിറഞ്ഞ കർത്താവേ, അവിടുത്തെ സൽഗുണങ്ങളുടെ സമ്പൂർണ്ണതയിലേയ്ക്ക് ഞങ്ങളെ നടത്തേണമേ. ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ട് എന്ന് ഉറപ്പു നൽകിയ പിതാവേ അവിടുത്തെ സാന്നിദ്ധ്യ ബോധത്തിൽ ലോകത്തിലേക്ക് പോകുന്നതിനും വിശ്വാസത്തിന്റെ ഓട്ടവും നീതിയുടെ പോരാട്ടവും അങ്ങയുടെ ശക്തിയിലും കൃപയിലും നിർവ്വഹിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കേണമേ

എല്ലാവരും കൂടി.........

***കുറിയേലായിസ്സോൻ..കുറിയേലായിസ്സോൻ...കുറിയേലായിസ്സോൻ***

***വിശുദ്ധ കുർബ്ബാന തുടരുന്നു.***



(c)
Malankara Mar Thoma Syrian Church